തുടരാൻ സാദ്ധ്യമാകുകയുള്ളു. ഈ കാര്യം മനസ്സിലാക്കാതെ ചില എക്സിക്യൂട്ടീവ് എൻജിനീയർമാർ അവരെ 60 വയസ്സുവരെ തുടരാൻ സമ്മതിച്ചു. അത് ശരിയാണ്. ആ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി എടുക്കണമെന്ന് ഗവൺമെന്റ് ആലോചിക്കുകയാണ്. അതേ സമയം ഇവർക്ക് ഇന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടിനെ സംബന്ധിച്ചും തീർച്ചയായും പരിഗണിക്കണം എന്നാണ് എന്റെ അഭിപ്രായം. എന്നാൽ ലാസ്റ്റ് ഗ്രേഡ് അല്ലാത്ത ഈ വിഭാഗം ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു. ഹൈക്കോടതിയും അവർ ലാസ്റ്റ് ഗ്രേഡ് അല്ലായെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആ അടിസ്ഥാനത്തിൽ ലാസ്റ്റ് ഗ്രേഡ് അല്ലാത്തതുകൊണ്ട് ലാസ്റ്റ് ഗ്രേഡിനു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് അവർക്ക് ഇന്ന് അർഹതയില്ലാതായിരിക്കുകയാണ്.

## (10) വടക്കേക്കര ആളന്തുരുത്ത് ഗവൺമെന്റ് ഡിസ്പെൻസറി

ശ്രീ. ടി. കെ. അബ്ദു: സർ. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചിറ്റാട്ടുകര പഞ്ചായത്തിൽപ്പെട്ട ആളന്തുരുത്ത് ഗവൺമെന്റ് ഡിസ്പെൻസറിക്ക് 68 സെന്റ് സ്ഥലം നാട്ടുകാർ സംഭാവന ചെയ്തതാണ്. എൻ. ആർ. ഇ. പി: യിൽ ഉൾപ്പെടുത്തി 1983-ൽ ബഹു: മുഖ്യമന്ത്രി അതിനു തറക്കല്ലിട്ടു. അനുവദിച്ച ആ കെട്ടിടത്തിന്റെ തുക നാട്ടുകാർ പിരിച്ച് ഒരു വലിയ കെട്ടിടം നിർമ്മിച്ച് ഡസ്പെൻസറി എന്നുള്ളതുമാറ്റി ആശുപത്രിയാക്കിക്കൊണ്ട് ഗവൺമെന്റിന്റെ നാലുവർഷക്കാലത്തെ നേട്ടങ്ങളുടെ പട്ടികയിൽ പെടുത്തിക്കൊണ്ട് മേയ് മാസം 29-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ മുഖ്യമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാ കലക്ടറാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. മുഖ്യമന്ത്രി വരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നാട്ടുകാർ ആറായിരത്തോളം രൂപ സ്വീകരണത്തിനും മറ്റുമായി ചെലവഴിച്ചു. ആശുപത്രി 29-ാം തീയതി ഉദ്ഘാടനം ചെയ്യുമെന്നറിയിച്ചപ്പോൾ ഡിപ്പാർട്ടുമെന്റിൽനിന്നും ഒന്നുംതന്നെ സംഭാവന ചെയ്യാൻ കഴിയുകയില്ലായെന്ന് 24-ാം തീയതി അറിയിക്കുകയുണ്ടായി. 12,000 രൂപയോളം പിരിച്ച് 24 കട്ടിലുകൾ നാട്ടുകാർ സംഭാവന ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റിയും വാട്ടർ സപ്ലൈയുമെല്ലാം ശരിപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കണക്ഷൻ കിട്ടിയിട്ടില്ല. ഈ 29-ാം തീയതിക്കുശേഷം ആ ആശുപത്രി അനാഥമായിട്ട് കിടക്കുകയാണ്. ഞാൻ താമസിക്കുന്ന വാർഡിലാണ് ആശുപത്രി എന്നുള്ളതുകൊണ്ട് അവിടെ ചെന്നു നോക്കിയപ്പോൾ അതിനകത്തെല്ലാം അനാഥമായി അലഞ്ഞു തിരിയുന്ന പട്ടികൾ കേറി കിടക്കുന്നതാണ് കണ്ടത്. ബനിഫിഷറി കമ്മിറ്റി ഇങ്ങനെയൊരു ആശുപത്രി പണിതു എന്നുള്ളതുകൊണ്ടാണോ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള അവഗണനയുണ്ടായത്? ഇതിന്റെ അടുത്ത് ഒരു ഡിസ്പെൻസറി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അവരെങ്കിലും അത് അങ്ങോട്ട് മാറിയിരുന്നുവെങ്കിൽ ഞങ്ങൾക്ക് ഈ ബാദ്ധ്യതയിൽനിന്നും രക്ഷപ്പെടാമായിരുന്നു ആശുപത്രിയുടെ പ്രവർത്തനത്തിനുവേണ്ടി പ്രവർത്തിക്കുന്ന വികസന കമ്മിറ്റി അവിടെ പേവാർഡ് പണിയുന്നതിനുവേണ്ടിയുള്ള എല്ലാ ഒരുക്കങ്ങളും നടത്തുകയാണ്. 68 സെന്റ് സ്ഥലം കാത്തു സൂക്ഷിക്കാൻ ബുദ്ധിമുട്ടാണ്. ആശുപത്രിക്ക് ഒരു കോമ്പൗണ്ട് വാൾ നിർമ്മിച്ച്



LIBRARY ARCHIVES Kerala Legislative Assembly

അന്യർ അതിനകത്തു പ്രവേശിച്ച് പീടികയും മറ്റും കെട്ടി സ്ഥലം കൈയടക്കുന്നതുകൂടി തടയണമെന്ന് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ആശുപത്രിക്ക് കെട്ടിടം പണിയുന്ന സമയത്തുണ്ടായിരുന്ന ഡിസ്പെൻസറി ഇപ്പോൾ ഹെൽത്ത് സെൻറർ ആക്കി ഉയർത്തിയിരിക്കുകയാണ്. ആശുപത്രി കെട്ടിടം പണിയുന്നതിന് സഹായിച്ച ജനങ്ങളെ ശിക്ഷിക്കാതെ ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ വകുപ്പു കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടെയുണ്ടായിരുന്ന ഡിസ്പെൻസറിയെ ഹെൽത്ത് സെൻറർ ആക്കി മാറ്റിയതിനുശേഷം മെമ്പറും അവിടെയുള്ള മറ്റു പൊതു പ്രവർത്തകരും ആത്മാർത്ഥമായി പരിശ്രമിച്ചതിൻറെ ഫലമായി ഒരു കെട്ടിടം പണിയുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ അവിടെ ഡോക്ടറുടെ നിയമനം നടത്തിയില്ലെന്നു പറഞ്ഞത് ശരിയല്ല. ഡോക്ടറുടെ നിയമനം നടത്തി. രേഖയിൽ ഡോക്ടർ അവിടെ ജോലി ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവിടെ പോയപ്പോൾ അതിൻറെ പ്രവർത്തനം നടക്കുന്നില്ലായെന്ന് പറഞ്ഞത് ഞാൻ വളരെ ഗൗരവമായിട്ടുതന്നെ എടുക്കുകയാണ്. നിയമനം നടത്തിയിട്ടുണ്ട്. ഡോക്ടർ അവിടെ ജോലി ചെയ്യുന്നതായിട്ട് തന്നെയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏതായാലും ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എനിക്കു കിട്ടിയിടത്തോളം വിവരം അവിടെ ഇലക്ട്രിസിറ്റി കണക്ഷൻ ആയിട്ടില്ല എന്നുമാത്രമായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ കണക്ഷൻ കിട്ടിയെന്നു പറയുകയാണെങ്കിൽ സന്തോഷമുള്ള കാര്യമാണ്. ഏതായാലും ആശുപത്രിയുടെ പ്രവർത്തനം നടത്തുന്നതിന് ഡോക്ടറേയും സ്റ്റാഫിനേയും അനുവദിച്ചിട്ടുണ്ട്. അതിൻറെ പ്രവർത്തനത്തെക്കുറിച്ച് ഒന്നുകൂടി അന്വേഷിച്ച് അത് ശരിയായ നിലയിൽ പ്രവർത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യും. ഡിസ്പെൻസറി അങ്ങോട്ട് മാറ്റുന്ന കാര്യവും പരിഗണിക്കും.

## IV. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

1984-ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ—സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം. (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. എ. വി. താമരാക്ഷൻ: സർ, 1984-ലെ കെട്ടിട നിർമ്മാണ തൊഴിലാളിക്ഷേമനിധി ബിൽ പൊതുജനാഭിപ്രായമാരായുന്നതിന് 1986 ജൂലൈ 31-ാംതീയതിവരെ വിടണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. സർ, ഈ നിയമം പ്രതിപക്ഷത്തുനിന്ന് അവതരിപ്പിച്ചുവെന്നതിൻറെ പേരിൽ തള്ളിക്കളയാതെ ഇത് കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികളെ സഹായിക്കുന്നതിനു വേണ്ടിയുള്ള നിയമമെന്നുള്ള നിലയിൽ, സംസ്ഥാന ഗവൺമെൻറു തന്നെ ഇത്തരമൊരു നിയമം നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരിക്കുന്ന അവസരത്തിൽ, ഈ നിയമം അംഗീകരിച്ച് പാസ്സാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി സംസ്ഥാനഗവൺമെൻറിൻറെ

LIBRARY ARCHIVES Kerala Legislative Assembly